"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ്- ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്- കൊല്ലം റീജിയൻ ഫാക്ടറീസ് & ബോയിലേഴ്സ് ജോയിന്റ് ഡയറക്ടർ ആയ ശ്രീ.അനിൽ കുര്യാക്കോസിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.812/2025/LBR തീയതി,തിരുവനന്തപുരം, 04-07-2025

---

പരാമർശം:-

1. കേരള ചെറുകിട വ്യവസായ സമിതി ആലപ്പുഴ ജില്ലാ സെക്രട്ടറി ശ്രീ.റ്റി.പാരീഷ് അഹമ്മദ് സമർപ്പിച്ച പരാതി.
2. ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് വിജിലൻസ് ഓഫീസറായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ വകുപ്പുതല അന്വേഷണ റിപ്പോർട്ട്.
3. ശ്രീ.അനിൽ കുര്യാക്കോസിനെതിരെയുള്ള 03.03.2025-ലെ കുറ്റപത്രവും കുറ്റാരോപണ പത്രികയും
4. ശ്രീ.അനിൽ കുര്യാക്കോസ് സമർപ്പിച്ച 05.04.2025-ലെ നിവേദനം.
5. 03.05.2025-ലെ ബി2/78/2024/തൊഴിൽ നം. സർക്കാർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ഫാക്ടറീസ് & ബോയിലേഴ്സ് ജോയിന്റ് ഡയറക്ടറായ ശ്രീ.അനിൽ കര്യാക്കോസ് ഓഫീസിൽ ഹാജരാകാതെ സ്വന്തം വാഹനത്തിലും ഫാക്ടറികളിൽ നിന്നും വരുത്തുന്ന വാഹനങ്ങളിലും സഞ്ചരിച്ച് പല ഫാക്ടറികളിലും അനധികൃത പരിശോധന നടത്തി ഉടമയിൽ നിന്നും പണം ആവശ്യപ്പെടുന്നതായും 5 തവണ പരാതിക്കാരൻ ഓഫീസിലെത്തിയിട്ടും ജോയിന്റ് ഡയറക്ടറെ കാണാൻ കഴിഞ്ഞില്ലെന്നും അന്വേഷിച്ചപ്പോൾ സ്ഥിരമായി ഓഫീസിൽ ടിയാൻ ഹാജരാകാറില്ലെന്നും ഓൺലൈനായി ഫയൽ പരിശോധിക്കുകയുള്ളൂ എന്നും അറിയാൻ കഴിഞ്ഞു എന്നും കുറച്ചു നാളുകൾക്ക് ശേഷം ജോയിന്റ് ഡയറക്ടർ ഓഫീസിൽ എത്തിയപ്പോൾ ടിയാനെ കാണാൻ കഴിഞ്ഞു എന്നും പലതവണ പരാതിക്കാരൻ ഓഫീസിൽ വന്ന വിവരം പറഞ്ഞപ്പോൾ പരാതിക്കാരനോട് ക്ഷുഭിതനായി സംസാരിക്കുകയും ജാതി പറഞ്ഞ് ആക്ഷേപിക്കുകയും ചെയ്തതായും പ്രസ്തുത ഉദ്യോഗസ്ഥന്റെ ഹാജർ സംബന്ധിച്ച റിപ്പോർട്ട് സഹിതം ശ്രീ റ്റി. പാരീഷ് അഹമ്മദ് പരാമർശം (1) പ്രകാരം പരാതി സമർപ്പിച്ചിരുന്നു.

2. ശ്രീ റ്റി. പാരീഷ് അഹമ്മദ് സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന്ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിലെ വിജിലൻസ് ആഫീസർ ആയ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ ചുമതലപ്പെടുത്തുകയുണ്ടായി. അന്വേഷണം നടത്തി പരാമർശം (2) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ, പരാതിക്കാരനായ ശ്രീ.പാരിഷ് അഹമ്മദ് ഒന്നിലധികം തവണ കൊല്ലം ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ ഹാജരായതിനോ ജോയിന്റ് ഡയറക്ടറായ ശ്രീ.അനിൽ കുര്യാക്കോസ്-നെ നേരിൽ കണ്ടതിനോ ടി ഓഫീസിലെ ജീവനക്കാരുടെ മൊഴികളിൽ നിന്നോ അല്ലാതെയോ തെളിവുകൾ ലഭിക്കാത്തതിനാലും, പരാതി സംബന്ധിച്ച് അന്വേഷണത്തിന്റെ ഭാഗമായി തെളിവെടുപ്പിനായി ഹിയറിംഗിന് ഹാജരാകുന്നതിന്

പരാതിക്കാരന് രണ്ട് തവണ അറിയിപ്പ നൽകിയിരുന്നു എങ്കിലും ടിയാൻ ഹാജരാകാത്തതിനാലും ടി പരാതിയിൽ കഴമ്പില്ല എന്ന് അനുമാനിക്കുന്നതായും എന്നാൽ, പരാതിയുടെ അടിസ്ഥാനത്തിൽ ജോയിന്റ് ഡയറക്ടർ ശ്രീ.അനിൽ കുര്യാക്കോസിന്റെ ഹാജർ പരിശോധിച്ചതിൽ ധാരാളം ക്രമക്കേടുകൾ ഉള്ളതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നും. ജോയിന്റ് ഡയറക്ടർ തസ്തികയിലെ ജോലിയുടെ സ്വഭാവം അനുസരിച്ച് ടൂർ അല്ലാത്ത ദിവസങ്ങളിൽ, പ്രത്യേകിച്ച് ബുധനാഴ്ചകളിൽ ഓഫീസിൽ ഹാജരാകേണ്ടതാണെന്ന ഓഫീസ് സർക്കുലറിലെ ഉത്തരവ് ജോയിന്റ് ഡയറക്ടർ ശ്രീ.അനിൽ കര്യാക്കോസ് കൃത്യമായി പാലിക്കുന്നില്ലെന്നും ഒരു റീജിയണിന്റെ മുഴുവൻ ഉത്തരവാദിത്വം ഉള്ള ഓഫീസർ ആയ ജോയിന്റ് ഡയറക്ടർ ശ്രീ.അനിൽ കര്യാക്കോസ് കൃത്യമായി ഓഫീസിൽ ഹാജരാകുന്നില്ല എന്നും ടി ഓഫീസിലെ പ്രവർത്തനങ്ങൾ നിലവിൽ തടസ്സങ്ങളില്ലാതെ നടക്കുന്നതായും ജോലിയിൽ ഒരു വീഴ്ചയും വരാതെയാണ് പ്രവർത്തിക്കുന്നതെന്ന ടിയാന്റെ അവകാശവാദം പൂർണമായി അംഗീകരിക്കാനാവില്ലെന്നും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ റിപ്പോർട്ട് ചെയ്യുകണ്ടായി. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.അനിൽ കര്യാക്കോസിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് ഡയറക്ടറും ശുപാർശ ചെയ്യുകയുണ്ടായി.

3. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ടിൽ ജോയിന്റ് ഡയറക്ടർ ശ്രീ.അനിൽ കര്യാക്കോസ് കൃത്യമായി ഓഫീസിൽ ഹാജരാകുന്നില്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതിനാലും മുൻപ് ഇതേ വിഷയത്തിൽ താക്കീത് നൽകിയതിനു ശേഷവും ടി ഉദ്യോഗസ്ഥൻ കൃത്യമായി ഓഫീസിൽ ഹാജരാകുന്നില്ലെന്ന കാര്യം അന്വേഷണ റിപ്പോർട്ടിൽ നിന്നും ടിയാന്റെ മൊഴിയിൽ നിന്നും വ്യക്തമായതിനാലും ജോയിന്റ് ഡയറക്ടർ ശ്രീ.അനിൽ കര്യാക്കോസിനെതിരെ 1960-ലെ കെ.സി.എസ് (സി.സി&എ) ചട്ടങ്ങൾ പ്രകാരം ലഘുശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി സ്വീകരിക്കാൻ തീരുമാനിക്കുയും തുടർന്ന് പരാമർശം (3) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും ചെയ്യുകയുണ്ടായി. കുറ്റാരോപണ പത്രികയിൽ പരാമർശിക്കുന്ന രേഖകളുടെ പകർപ്പ് ടിയാൻ പരാമർശം(4)പ്രകാരം ആവശ്യപ്പെടുകയും ടി രേഖകൾ നേരിട്ട് ഹാജരായി പരിശോധിക്കാവുന്നതാണെന്ന അറിയിപ്പ് ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ മുഖാന്തിരം ശ്രീ.അനിൽ കുര്യക്കോസിനെ അറിയിക്കുകയും ചെയ്തു. എന്നാൽ രേഖകൾ പരിശോധിക്കുന്നതിനു നൽകിയ അവസരം ടിയാൻ പ്രയോജനപ്പെടുത്തുകയോ ടിയാനെതിരായ കുറ്റപത്രവുമായി ബന്ധപ്പെട്ട് എതിർവാദ പത്രിക സമർപ്പിക്കുകയോ ചെയ്തില്ല. കുറ്റപത്രത്തിൽ പരാമർശിച്ച ചാർജ്ജുകളിന്മേൽ ടിയാന്റെ ഭാഗം വിശദീകരിക്കുന്നതിന് ന്യായമായ സമയവും അവസരവും നൽകിയ ശേഷവും എതിർവാദ പത്രിക സമർപ്പിക്കാത്തതിൽ നിന്നും ചാർജ്ജുകളിന്മേൽ ടിയാന് പ്രത്യേകമായി ഒന്നും ബോധിപ്പിക്കാനില്ല എന്നും ടിയാൻ കുറ്റം ചെയ്തിട്ടുള്ളതായും സർക്കാർ വിലയിരുത്തുന്നു.

4. മേൽ സാഹചര്യത്തിൽ കൊല്ലം റീജിയൻ ഫാക്ടറീസ് & ബോയിലേഴ്സ് ജോയിന്റ് ഡയറക്ടറായ ശ്രീ.അനിൽ കുര്യാക്കോസിനെതിരായി 1960-ലെ കെ.സി.എസ് (സി.സി&എ) ചട്ടങ്ങൾ പ്രകാരം സ്വീകരിച്ചു വന്ന അച്ചടക്ക നടപടി, പ്രസ്തുത ചട്ടം 11 (1)(iii) പ്രകാരം, ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യമില്ലാതെ രണ്ടു വർഷത്തേയ്ക്ക് തടഞ്ഞു കൊണ്ടുള്ള ലഘുശിക്ഷ നൽകി തീർപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ.അനിൽ കര്യാക്കോസ്, ജോയിന്റ് ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്.
(ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ മുഖേന)
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Abhilash S S
Date: 04-07-2025 14:49:07
സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്.